## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 674.

19.03.2013 - ൽ മറുപടിയ്ക്ക്

### വ്യവസായത്തിന് അനുവദിച്ച ഭൂമിയുടെ തിരിച്ചെടുക്കൽ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. കെ. ശിവദാസൻ നായർ

**മറുപടി**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വ്യവസായം തുടങ്ങുന്നതിനായി അനുവദിച്ച ഭൂമി തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ : | (എ) : വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് : വിശദാംശം ലഭ്യമാക്കുമോ; | (ബി) :വ്യവസായ ആവശ്യത്തിന് അനുവദിച്ച ഭൂമി ഉപയോഗ ശൂന്യമായിരിക്കുന്നത് ഒഴിവാക്കുവാനും പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും ആവശ്യമുള്ള വ്യവസായികൾക്ക് സ്ഥലം ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) എത്ര ഏക്കർ ഭൂമിയാണ് കമ്പനികളിൽ നിന്ന് ഇങ്ങനെ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് : വിശദമാക്കുമോ; | (സി) : തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് : വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) :ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി നിയമപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ